# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.403

## 29-01-2019 ൽ മറുപടിക്ക്

## കിഫ്ബിക്ക് മോട്ടോർ വാഹന നികുതിയിൽ നിന്ന് നൽകിയ വിഹിതം

| ചോദ്യം<br>ശ്രീ. കെ.എം. മാണി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) മോട്ടോർ വാഹന നികുതിയിൽ നിന്ന് കിഫ്ബിയ്ക്ക് നാളിതുവരെ നൽകിയ വിഹിതം എത്ര കോടി രൂപയാണെന്ന് പറയാമോ; | മോട്ടോർ വാഹന നികുതിയിൽ നിന്ന് നാളിതുവരെ 2001.74 കോടി രൂപ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത തുക ഏതെല്ലാം ന്യൂജനറേഷൻ ബാങ്കുകളിലാണ് കിഫ്ബി നിക്ഷേപിച്ചിരിക്കുന്നത്; | മോട്ടോർ വാഹന നികുതിയിലൂടെയും പെട്രോൾ/ ഡീസൽ സെസ്സിനത്തിലൂടെയും ലഭിച്ച തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, കോട്ടക്ക് മഹീന്ദ്രാ ബാങ്ക്, ആക്സിസ് ബാങ്ക്, യെസ് ബാങ്ക്, ഐ.സി.ഐ.സി.ഐ ബാങ്ക്, കേരള ഗ്രാമീൺ ബാങ്ക്, ഇൻഡസ് ഇൻഡ് ബാങ്ക് എന്നിവിടങ്ങളിലാണ് നിലവിൽ നിക്ഷേപിച്ചിട്ടുള്ളത്. |
| (സി) കിഫ്ബിയ്ക്ക് ഇതിൽ നിന്നും നാളിതുവരെ എത്ര കോടി രൂപ പലിശ ലഭിച്ചു എന്ന് വ്യക്തമാക്കാമോ; | കിഫ്ബിക്ക് നാളിതുവരെ പലിശ ഇനത്തിൽ 129,03,23,102/- രൂപ ലഭിച്ചിട്ടുണ്ട്. |
| (ഡി) ഇപ്രകാരം നിക്ഷേപം നടത്താൻ കിഫ്ബിയ്ക്ക് അനുവാദം നൽകിയിട്ടുണ്ടോ? | ഉണ്ട്. കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി(ഭേദഗതി) 2016 വകുപ്പ് 3, ഉപ വകുപ്പ് 5 പ്രകാരം ബോർഡിന്റെ അംഗീകാരത്തോടെ ദേശസാൽകൃത ബാങ്കിലോ അപ്രകാരമുള്ള മറ്റ് വിവേകപൂർവ്വമായ നിക്ഷേപങ്ങളിലോ നിക്ഷേപം നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ